599

## അപ്പീൽ
## വിവരാവകാശ നിയമം – 2005

പ്രേക്ഷിത

കെ.വി. പ്രേമ കുമാരൻ
വില്ലേജ് അസിസ്റ്റന്റ്
പാപ്പിനിശ്ശേരി വില്ലേജ് ഓഫീസ്
കണ്ണൂർ ജില്ല
ഫോൺ : 9961708763

സ്വീകർത്താവ്

1) സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി വകുപ്പ് (ഡയറക്ടറേറ്റ്)
തിരുവനന്തപുരം

2) ശ്രീ. മോഹൻ ലൂക്കോസ്
മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

സാർ,

വിഷയം : 1997–1998, 1998–1999, 1999–2003, 2003–2017 കാലഘട്ടത്തിൽ താൽക്കാലികമായി നിയമനം ലഭിച്ച വികലാംഗരെ കേരള സർക്കാർ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയവരുടെ സമ്പൂർണ്ണ ലിസ്റ്റ്.

സൂചന : 1) D.S.I/KNR/F.1449/18 കത്ത്.
2) ഞാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് 27.03.2018–ന് വിവരാവകാശ നിയമ പ്രകാരം കൊടുത്ത അപേക്ഷ.

കേരള സർക്കാറിന്റെ സ്പെഷൽ റിക്രൂട്ട് നിയമം അനുസരിച്ച് താൽക്കാലികമായി നിയമനം ലഭിച്ച മുഴുവൻ വികലാംഗരെയും പോലീസ് വെരിഫിക്കേഷനോടു കൂടി സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം മേൽ പ്രകാരം സ്ഥിരപ്പെടുത്തിയ വികലാംഗരുടെ സമ്പൂർണ്ണ ലിസ്റ്റിനാണ് ഞാൻ വിവരാവകാശ നിയമം അനുസരിച്ച് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് അപേക്ഷ നൽകിയിരുന്നത്.

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, സാമൂഹ്യനീതി വകുപ്പ് എന്നിവർ ചേർന്നാണ് അതാത് ജില്ലയിലെ മുഴുവൻ സ്ഥിരപ്പെടുത്തിയ വികലാംഗരുടേയും ലിസ്റ്റ് സൂക്ഷിക്കേണ്ടത്.

വിവരാവകാശ നിയമം അനുസരിച്ച് അതാത് ഓഫീസ് രേഖകളിൽ അപൂർണ്ണമായ വിവരങ്ങളാണ് ഉള്ളതെങ്കിൽ പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ച് അപേക്ഷകന് കൊടുക്കുവാൻ അതാത് ഓഫീസർ കടപ്പെട്ടവനാണ്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിലോ, സാമൂഹ്യനീതി വകുപ്പിലോ ലിസ്റ്റ് ഇല്ലെങ്കിൽ ആരുടെ കസ്റ്റഡിയിലാണ് ഇവ സൂക്ഷിക്കുന്നത്. ഇന്നത്തെ കമ്പ്യൂട്ടർ യുഗത്തിൽ ലിസ്റ്റ് സൂക്ഷിക്കുവാൻ ഇടമില്ലെന്നു പറയുന്നതും അബദ്ധമാണ്.

ബഹു. ജില്ലാ കലക്ടറുടെ മറുപടിയിൽ തന്നെ സ്ഥിരപ്പെടുത്തിയ മുഴുവൻ വികലാംഗരുടെ ലിസ്റ്റും സാമൂഹ്യനീതി വകുപ്പ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് കാര്യാലയത്തിൽ ലഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ കൈവശം 1999 മുതൽ 2003 വരെ സ്ഥിരപ്പെടുത്തിയ വികലാംഗരുടെ അപൂർണ്ണ ലിസ്റ്റാണ് ഉള്ളതെന്നാണ് മറുപടിയിൽ പറയുന്നത്. (1) കവറിംഗ് ലെറ്റർ, (4) വിദ്യാഭ്യാസ യോഗ്യത, (5) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നമ്പർ, (6) ഏതു വിഭാഗത്തിൽപ്പെട്ട വികലാംഗനാണ് എന്ന കാര്യം ഇല്ലാത്ത ലിസ്റ്റാണ് ഉള്ളതെന്നു പറയുന്നു. ഇത് വിവരാവകാശ നിയമത്തിന്റെ ലംഘനമാണ്.

സാർ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 1965/17 കേസ്സിനു വേണ്ടിയാണ് വിവരങ്ങൾ ഞാൻ താങ്കളോട് ആവശ്യപ്പെട്ടിരുന്നത്.

എത്രയും പെട്ടെന്ന് വിവരാവകാശ നിയമം - 2005 അനുസരിച്ച് ഞാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് കൊടുത്ത അപേക്ഷ പ്രകാരമുള്ള സ്ഥിരപ്പെടുത്തിയ വികലാംഗരുടെ സമ്പൂർണ്ണ ലിസ്റ്റ് എത്രയും പെട്ടെന്ന് അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

എന്ന്


വിശ്വസ്തതയോടെ

പാപ്പിനിശ്ശേരി
28.04.2017

പ്രേമ കുമാരൻ

<u>വിവരാവകാശ നിയമം - 2005</u>

From




കെ.വി പ്രേമകുമാരൻ,
വില്ലേജ് അസിസ്റ്ററന്റ്, വില്ലേജ് ഓഫീസ്,
പാപ്പിനിശ്ശേരി, ഫോൺ- 9961708763

To

അസി : പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
ജില്ല എംപ്ളോയ്മന്റ് ഓഫീസ്, കണ്ണൂർ

സർ,

വിഷയം : 1.1.1998 മുതൽ 31.12.2017 വരെ സ്പെഷൽ റിക്രൂട്ട്മെന്റ് പ്രകാരം സ്ഥിരപ്പെടുത്തിയ വികലാംഗരുടെ സംപൂർണ്ണ വിവരം സംബന്ധിച്ച്.

സൂചന : ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കോടതിയിലെ ഒ.എ <u>1965/17 കേസ്</u>സ്.

താൽക്കാലികമായി നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന കേരള സർക്കാർ ഉത്തരവിന്റെയും, ഓരോ വർഷവും 50 വികലാംഗരെ പി.എസ്.സി യെ മറികടന്നുകൊണ്ട് ജില്ലാ കലക്ടർമാർക്ക് സ്ഥിരപ്പെടുത്താം മെന്നതുമായ കേരള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 1-1-1998 മുതൽ 31-12-2017 വരെ സ്ഥിരപ്പെടുത്തിയ വികലാംഗരുടെ സംപൂർണ്ണ ലിസ്റ്റ് അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

2000 മുതൽ 2008 വരെ സ്ഥിരപപ്പെടുത്തിയ വികലാംഗരുടെ ലിസ്റ്റ് വിവരാവകാശ നിയമം അനുസരിച്ച് എനിക്ക് ജില്ലാ എംപ്ളോയ്മെന്റ് ഓഫീസർ അനുവദിച്ചിരുന്നെങ്കിലും അത് പൂർണ്ണമല്ല. അതുകൊണ്ട് താഴെ പറയും പ്രകാരത്തിൽ സ്ഥിരപ്പെടുത്തിയ വികലാംഗരുടെ ലിസ്റ്റ് അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

1. കവറിംഗ് ലറ്റർ
2. ഉദ്യോഗാർത്ഥിയുടെ പേര്
3. മേൽവിലാസം
4. വിദ്യഭ്യാസയോഗ്യത
5. എംപ്ളോയ്മെന്റ് രജിസ്ട്രേഷൻ നമ്പർ
6. ഏത് വിഭാഗത്തിൽപ്പെട്ട വികലാംഗനാണ് എന്ന കാര്യം (ഉദാഹരണം ബ്ലൈന്റ്, ഓർത്തോ മുതലായവ)
7. ആരാണ് ഇവരെ നിയമിച്ചിരുന്നത് എന്ന കാര്യം
8. ഏത് വർഷത്തിലാണ് സ്ഥിരപ്പെടുത്തിയത് എന്ന കാര്യം
9. ഏത് പോസ്റ്റിലാണ് നിയമനം കൊടുത്തത് എന്ന കാര്യം

മേൽ വിവരങ്ങളുടെ അസ്സൽ പകർപ്പ് എത്രയും പെട്ടന്ന് തന്നെ അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു. മേൽ വിവരങ്ങൾ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1965/17 കേസ്സിൽ ഹാജരാക്കുന്നതിനുവേണ്ടിയാണ്.

എന്ന്

വിശ്വസ്തതയോടെ

27-3-2018

കെ.വി.പ്രേമകുമാരൻ

27.3.2018

കണ്ണൂർ

നം.ഡിഎസ്ജെ/കെഎൻആർ/എഫ്-1449/18

ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ
കാര്യാലയം,സിവിൽ സ്റ്റേഷൻ, കണ്ണൂർ
തീയ്യതി : 20/04/2018.
ഫോൺ : 0497 2712255.
ഇ-മെയിൽ :dswoknrswd@gmail.com

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
കണ്ണൂർ.

ശ്രീ കെ വി പ്രേമകുമാരൻ,
വില്ലേജ് അസിസ്റ്റന്റ്,
പാപ്പിനിശ്ശേരി.

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജില്ലാ സമൂഹ്യനീതി ഓഫീസ്, കണ്ണൂർ - വിവരാവകാശ നിയമം 2005- മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- താങ്കൾ ജില്ലാ എംപ്ളോയ്മെന്റ് ഓഫീസർക്ക് സമർപ്പിച്ച 27-03-2018 തീയ്യതിയിലെ അപേക്ഷ.

***************

മേൽ വിഷയത്തിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. ചോദ്യം നം. 1,4,5,6 എന്നിയയുടെ വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമല്ല. 16-08-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്കാലിക നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തിയ ലിസ്റ്റ് ഒരു പേജിന് 2/- രൂപ നിരക്കിൽ 41 പേജിന് 82/- രൂപ (എൺപത്തി രണ്ട് രൂപ മാത്രം) ട്രഷറിയിൽ 0070-60-118-99-RTI എന്ന ഹെഡിൽ അടച്ച ഒറിജിനൽ ചലാൻ സഹിതം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. താങ്കൾക്ക് ഈ മറുപടി തൃപ്തികരമല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
കണ്ണൂർ.

വിലാസം :

പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ, തിരുവനന്തപുരം.

Ph:0497-2712255
കണ്ണൂർ - 670002